(ബി) കണ്ണൂർജില്ലയിലെ വേങ്ങാട്, കൂടാളി, മുഴക്കുണ്ണ എന്നീ പ്രദേശങ്ങളിൽ ഓരോ ഡിസ്പെൻസറികളെങ്കിലും സ്ഥാപിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഇല്ല.

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ഡിസ്പെൻസറികൾ തുറക്കുമ്പോൾ ഈ പ്രദേശങ്ങളിലെ ആവശ്യങ്ങളുംകൂടി കണക്കിലെടുക്കുന്നതാണ്.

റിസർച്ച് സ്റ്റേഷൻ

* 16. [18] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ കൃഷിഡിപ്പാർട്ടുമെൻറിന്റെ കീഴിൽ എത്ര റിസർച്ച് സ്റ്റേഷനുകൾ ഉണ്ട് ;

(ബി) സ്റ്റേറ്റിൽ കേന്ദ്രത്തിന്റെ കീഴിൽ നടത്തുന്നത് എത്ര ;

(സി) ഏതെല്ലാം സ്റ്റേഷനുകളോടനുബന്ധിച്ച് ലാബറട്ടറികൾ ഉണ്ട്;

(ഡി) സ്റ്റേറ്റിന്റെ കീഴിലുള്ള ലാബറട്ടറികൾക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എത്ര ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) മുപ്പത്തിരണ്ട്. (പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ട്) *

(ബി) അഞ്ച്. (പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ട്) *

(സി) എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനോടനുബന്ധിച്ചും ആവശ്യമായ ഉപകരണങ്ങളോടുകൂടിയ ചെറുതോതിലുള്ള ലാബറട്ടറികളും ഉണ്ട്.

(ഡി) കേന്ദ്രത്തിന്റെ മുഴുവൻ ധനസഹായത്താൽ നടത്തുന്ന സ്കീമുകൾക്കുവേണ്ടിയുള്ള ലാബറട്ടറി ഉപകരണങ്ങൾക്കായി മുഴുവൻ ചെലവും, ഭാഗികമായ ധനസഹായത്താൽ നടത്തുന്ന സ്കീമുകൾക്കുവേണ്ടിയുള്ള ലാബറട്ടറി ഉപകരണങ്ങൾക്കായി ഭാഗികമായ ചെലവും കേന്ദ്രഗവണ്മെൻറു വഹിക്കുകയാണ് പതിവു്. വിശദവിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. *

നെൽ കൃഷിക്കാർക്കു കൊടുത്ത വായ്പകൾ.

* 17. [20] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾ മുഖാന്തിരം നെൽ കൃഷിക്കാർക്ക് കൊടുക്കുന്ന വായ്പകൾക്ക് എത്ര ശതമാനം പലിശ ഈടാക്കിവരുന്നുണ്ട് ;

(ബി) നിശ്ചിതശതമാനത്തിൽ കൂടുതൽ കൂടിശ്ശികയുള്ള സംഘങ്ങൾക്ക് വീണ്ടും കടമെടുക്കുന്നതിന് അർഹതയില്ലെന്നു എന്തെങ്കിലും നിബന്ധനയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതുകൊണ്ട് വായ്പ അടച്ച അംഗങ്ങൾക്ക് വീണ്ടും കടമെടുക്കുന്നതിനു സാധിക്കാതെ വരുന്നില്ലേ ;

(ഡി) ഈ ബുദ്ധിമുട്ട് നീക്കുന്നതിനുവേണ്ട നടപടി നടത്തുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) എസ്സാകാലവായ്പയ്ക്ക് ഏഴേകാൽ ശതമാനവും മദ്ധ്യകാലവായ്പകൾക്ക് ഏഴേമുക്കാൽ ശതമാനവും പലിശ ഈടാക്കുന്നു.

(ബി) നിലവിലുള്ള നിബന്ധനകൾ അനുസരിച്ച് ക്ലിപ്ത സംഘങ്ങൾക്ക് 25 ശതമാനത്തിൽ കൂടുതൽ കുടിശ്ശികയുണ്ടെങ്കിലും ക്ലിപ്തരഹിത സംഘങ്ങൾക്ക് 33⅓ ശതമാനത്തിൽ കൂടുതൽ കുടിശ്ശികയുണ്ടെങ്കിലും കേന്ദ്രസംഘങ്ങളിൽനിന്നു വായ്പ കിട്ടുകയില്ല. ഈയിടെ നടന്ന സെൻട്രൽ ബാങ്കുകളുടെ ഒരു കൗൺഫറൻസിൽ കുടിശ്ശികയുടെ ശതമാനനിരക്ക് 40 ശതമാന-

* Appendix I

LIBRARY ARCHIVES Kerala Legislative Assembly

വരെ ആകാമെന്നും തീരുമാനിച്ചതനുസരിച്ചും സ്റ്റേറ്റുബാങ്കിൽനിന്നും മറ്റു സെൻട്രൽബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടും.

(സി) ചിലപ്പോൾ അങ്ങനെ വരുന്നുണ്ടും.

(ഡി) ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

പുതിയ ഗവണ്മെൻറു ഡിസ്പെൻസറികൾ.

* 18. [23] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കും പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷം പുതുതായി ഗവണ്മെൻറും ഡിസ്പെൻസറികൾ ആരംഭിക്കുവാൻ പരിപാടിയുണ്ടോ ;

(ബി) കോട്ടയം ഡിസ്ട്രിക്റ്റിൽ കടുത്തുരുത്തി വില്ലേജിൽ ആയംകുടിയിൽ ഒരു ഡിസ്പെൻസറി അനുവദിക്കണമെന്ന കാണിച്ചും നിവേദനം കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ടും.

(ബി) ഉണ്ടും.

(സി) കോട്ടയം ജില്ലയിലേക്കും പുതുതായി ഡിസ്പെൻസറികൾ അനുവദിക്കുമ്പോൾ ആയംകുടിയുടെ കാര്യം പരിഗണിക്കുന്നതിനും കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടും.

വന്ധീകരണശസ്ത്രക്രിയ.

* 19. [29] ശ്രീ. ജി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കും പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്ധീകരണശസ്ത്രക്രിയ നടത്തുന്നതിനു വ്യവസ്ഥയുള്ള എത്ര ആശുപത്രികളും ക്ലിനിക്കുകളും ഈ സ്റ്റേറ്റിലുണ്ടും ;

(ബി) നാട്ടിൻപുറങ്ങളിലെത്ര ; പട്ടണങ്ങളിലെത്ര ;

(സി) മൂന്നാം പദ്ധതിക്കാലത്തു എത്രപേരെ അത്തരം ശസ്ത്രക്രിയ ചെയ്തിട്ടുണ്ടും ; സ്ത്രീകളെത്ര ; പുരുഷന്മാരെത്ര ;

(ഡി) കുന്നത്തൂർ താലൂക്കിൽ എത്ര അത്തരം ക്ലിനിക്കുകളും ആശുപത്രികളും ഉണ്ടും ; എത്രപേരെ ഇന്നുവരെ അത്തരം ശസ്ത്രക്രിയയ്ക്കു വിധേയരാക്കിയിട്ടുണ്ടും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 77. (ആശുപത്രികളും, ക്ലിനിക്കുകളും.)

(ബി) നാട്ടിൻപുറത്തും 57.
പട്ടണത്തിൽ 20.

(സി) ആകെ 22475 പേരെ.
സ്ത്രീകളും 7219.
പുരുഷന്മാർ 15256.

(ഡി) 2 ആശുപത്രികളും. (ക്ലിനിക്കുകളും)
98 പേരെ.

ഹോം ഗാർഡും.

* 20. [32] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കും ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly